പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4251 3.2.2014 -ലെ മറുപടിക്ക്

അംഗപരിമിതർക്ക് പുനർനിയമനം നൽകാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ജമീലാ പ്രകാശം | ശ്രീ.ഷിബു ബേബി ജോൺ (ബഹു.തൊഴിലും പുനരധിവാസവും വകുപ്പ മന്ത്രി ) |
| എ)16/8/1999 നും 31/12/2003 നും ഇടയിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നിയമനം ലഭിച്ച് 179 ദിവസം സേവനം പൂർത്തിയാക്കിയിട്ടുള്ള അംഗപരിമിതർക്ക് പുനർനിയമനം നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | എ)ഉണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| ബി)ഈ കാലയളവിൽ തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ടോഡി വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ ചീഫ് ഓഫീസിൽ ജോലി ചെയ്തിരുന്ന അംഗപരിമിതർക്ക് ഇതുവരെ നിയമനം നൽകിയിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ഉണ്ട്. |
| സി)സർക്കാരിൽ നിന്ന് ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ഇവർക്ക് നിയമനം നൽകാത്ത സാഹചര്യത്തിൽ ഇവർക്ക് നിയമനം നൽകുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;<br><br>ഡി) ഇവർക്ക് എന്നേക്ക് നിയമനം നൽകുമെന്ന് വ്യക്തമാക്കാമോ? | സി)യും ഡി)യും: ഇക്കാര്യം വീണ്ടും സർക്കാർ പരിശോധിച്ച വരുന്നു. |

സെക്ഷൻ ഓഫീസർ

2942/13

# കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്-16.8.99 മുതൽ 31.12.2003 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം ലഭിച്ച് 179 ദിവസം സേവനം പൂർത്തിയാക്കിയിട്ടുള്ള അംഗ പരിമിതർക്ക് പുനർ/റഗുലർ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി (ഡി) വകുപ്പ്

സ.ഉ(പി)40/13/സാ.നീതി.വ തിരുവനന്തപുരം, തീയതി 18.5.2013

പരാമർശം-എംപ്ലോയ്മെന്റ് ഡയറക്ടറുടെ 23.7.2012 ലെ പി2/12822/2012/DE നമ്പർ കത്ത്.

## ഉത്തരവ്

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി ജോലി ചെയ്തിരുന്ന അംഗപരിമിതർക്ക് സ്ഥിരനിയമനം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിരവധി അപേക്ഷകൾ വിവിധ സംഘടനകൾ മുഖേനയും വ്യക്തികൾ മുഖേനയും ലഭിക്കുകയുണ്ടായി. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 16.8.99 മുതൽ 31.12.2003 വരെയുള്ള കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി കെ.എസ്& എസ്.എസ്.ആർ ഭാഗം II, ചട്ടം 9(എ) (i) പ്രകാരം നിയമിക്കപ്പെട്ടുകയും 179 ദിവസം സേവനം പൂർത്തിയാക്കിയ ഏകദേശം 2677 അംഗപരിമിതർക്ക് പുനർ നിയമനം നൽകുന്നതിനായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ചും ടി ജീവനക്കാർ സർവ്വീസിൽ നിന്നും പെൻഷൻ ആയി പിരിഞ്ഞു പോകുമ്പോൾ ടി സൂപ്പർ ന്യൂമററി തസ്തികകൾ ഇല്ലാതാവുന്ന തരത്തിൽ ടി ഉദ്യോഗാർത്ഥികൾക്ക് ജനറൽ റൂൾസ് ചട്ടം 39 നൽകുന്ന അധികാരം ഉപയോഗിച്ച് സർവ്വീസിൽ പുനർ/റഗുലർ നിയമനം നൽകി ഉത്തരവാകുന്നു.

മേല്പറഞ്ഞ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതു സംബന്ധിച്ച് വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ഡോ.കെ.എം.എബ്രഹാം
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
സംസ്ഥാന വികലാംഗ കമ്മീഷണർ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
അഡ്വക്കേറ്റ് ജനറൽ ഓഫീസ്, എറണാകുളം, തിരുവനന്തപുരം
എല്ലാ വകുപ്പ് അദ്ധ്യക്ഷന്മാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
എംപ്ലോയ്മെന്റ് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർമാർക്കും
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
രജിസ്ട്രാർ, യൂണിവേഴ്സിറ്റീസ്
ബന്ധപ്പെട്ട നിയമനാധികാരികൾക്കും സ്ഥാപന മേധാവികൾക്കും
ധനകാര്യ വകുപ്പ്
നിയമവകുപ്പ്
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(എ & ഇ)/(ആഡിറ്റ്) കേരള, തിരുവനന്തപുരം.
പൊതുഭരണ (സർവ്വീസസ്) വകുപ്പ്
പൊതുഭരണ(എസ്.സി) വകുപ്പ്(ഇനം നം.3569 തീയതി 15.5.2013)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്(വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ